# വീരണകാവ് ന്യൂസ്

2025
ജൂൺ

## പഠനോപകരണ വിതരണം

തിരുവനന്തപുരം ടെക്നോ പാർക്കിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ റീച്ച് പ്രോഗ്രാമിൽ നിന്നും കുട്ടികൾക്ക് പഠനോപകരണം വിതരണം ചെയ്തു. ടീം ലീഡർ സാം ജോൺ സാറിന്റെ നേതൃത്വത്തിൽ റീച്ച് അംഗങ്ങൾ സ്കൂളിൽ എത്തുകയും അവർ ശേഖരിച്ച നോട്ട്ബുക്കുകൾ,പ്രീപ്രൈമറി കുട്ടികൾക്കുള്ള സ്പെഷ്യൽ പാക്കറ്റുകൾ മുതലായവ വിതരണം ചെയ്യുകയും ചെയ്തു. പ്രീപ്രൈമറി കുട്ടികൾക്ക് അവരുടെ അടുത്തുപോയി ഈ കിറ്റുകൾ വിതരണം

ചെയ്തത്

കുട്ടികൾക്ക് സന്തോഷത്തിന് കാരണമായി .മാത്രമല്ല റീച്ച് പ്രോഗ്രാമിൽ നിന്ന് വന്ന ആളുകൾക്കും ഇത് ഒരു പുതിയ അനുഭവമായിരുന്നു. എല്ലാതവണയും നമ്മുടെ സ്കൂളിനോട് കാണിക്കുന്ന പരിഗണനയ്ക്ക് ടെക്നോപാർക്ക് റീച്ച് പ്രോഗ്രാമിനും ഈ പദ്ധതി നമ്മുടെ സ്കൂളിൽ ലഭ്യമാക്കാൻ കാരണക്കാരനായ ബിജു സാറിനും നന്ദി പറഞ്ഞുകൊണ്ട് സന്ധ്യ ടീച്ചറിന്റെ നേതൃത്വത്തിലുള്ള സ്കൂൾ ടീം നന്ദി അറിയിച്ചു.

## പ്രവേശനോത്സവം 2025

2025 ജൂൺ മാസം രണ്ടാം തീയതി തിങ്കളാഴ്ച 2025-2026 അധ്യയനവർഷത്തിലെ ക്ലാസുകൾ പ്രവേശനോത്സവത്തോടെ സമാരംഭിച്ചു.സ്റ്റാഫും പിടിഎയും ചേർന്ന് കുട്ടികളെ സ്വീകരിച്ചു.മുന്നൊരുക്കമായി അധ്യാപകർ എച്ച് എം സന്ധ്യ ടീച്ചറിന്റെ നേതൃത്വത്തിൽ ഒന്ന് ചേർന്ന് ഓഡിറ്റോറിയവും പരിസരവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തിരുന്നു.പുതിയ വിദ്യാ

ർത്ഥികളെ പൂച്ചെണ്ട് നൽകി സ്വീകരിച്ചു.പ്രവേശനഗാനത്തോടെയാണ് പ്രവേശനോവം തുടങ്ങിയത്.തുടർന്ന് മുഖ്യമന്ത്രിയുടെ ഉദ്ഘാടനം ലൈവായി സ്ക്രീനിൽ കാണിച്ചു.ഉദ്ഘാടനശേഷം സ്കൂൾതല ഉദ്ഘാടനം നടന്നു.വാർഡ് മെമ്പർ ജിജിത്ത് ആർ നായർ ഉദ്ഘാടനം നിർവഹിച്ചു.സന്ധ്യ ടീച്ചർ സ്വാഗതം ആശംസിച്ചു. പിടിഎ പ്രസിഡന്റ് അരുൺ സാർ അധ്യക്ഷതവഹിച്ചു.